File No.FWLD-A1/44/2019-FWLD

7353
25/6/20

'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

കുറിഞ്ഞിമല വന്യജീവി സങ്കേതത്തിലെ അനധികൃത മരം മുറി - ശ്രീ. പി. യു. സാജു, വൈൽഡ് ലൈഫ് വാർഡനെതിരെയുള്ള അച്ചടക്ക നടപടി - സസ്പെൻഷൻ കാലയളവ് ക്രമീകരണം-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.379/2019/വനം തിരുവനന്തപുരം, തീയതി, 23/09/2019

---

പരാമർശം:- (1) 05.05.2014- ലെ സ. ഉ. (സാധാ.) നം. 197/14/വനം

(2) 26.08.2015- ലെ സ. ഉ. (സാധാ.) നം. 397/15/വനം

(3) 08.08.2018- ലെ സ. ഉ.(സാധാ.) നം. 371/18/വനം

(4) 19.01.2019- ലെ സ. ഉ.(സാധാ.) നം. 23/19/വനം

(5) 15.05.2019 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-15716/2014 നമ്പർ കത്ത്

<u>ഉത്തരവ്</u>

കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജ പട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃത മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയ ശ്രീ. പി. യു. സാജുവിനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന് 02.02.2016 -ൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും "ശാസന" നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം നടപടി തീർപ്പാക്കി ഉത്തരവാകുകയും ചെയ്തു. തുടർന്ന് ടിയാൻ സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിഗണിച്ച് പരാമർശം (4) പ്രകാരം ടിയാനെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ഉത്തരവായി.

3)മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിന് ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം ( 5 ) പ്രകാരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.ശ്രീ.പി.യു. സാജു,വൈൽഡ് ലൈഫ് വാർഡന്റെ 05/05/2014 മുതൽ 25/08/2015 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിൽ ടിയാൻ കൈപ്പറ്റിയ ഉപജീവന ബത്ത തട്ടികിഴിച്ചുള്ള ശമ്പളവും ബത്തകളും ഉൾപ്പെടെ എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും 26/08/2015 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം 56 ബി(9) കുറിപ്പ് -2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. പി. യു. സാജു, വൈൽഡ് ലൈഫ് വാർഡൻ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.09.?6 14:01:57 IST
Reason: Approved
സെക്ഷൻ ഓഫീസർ